വാണിജ്യ നികുതി പിരിവ്

186 (531) ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ പത്ത് വർഷത്തെ വാണിജ്യ നികുതി പിരിവിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ ;

(ബി) ഓരോ സാമ്പത്തിക വർഷവും ബഡ്ജറ്റിൽ പ്രതീക്ഷിച്ച വാണിജ്യ നികുതി തുക എത്ര ; ഓരോ വർഷവും ലഭിച്ചിരുന്ന നികുതി തുക എത്ര ;

(സി) ബഡ്ജറ്റ് ലക്ഷ്യത്തിന്റെ എത്ര ശതമാനം നേട്ടം ഓരോ വർഷവും ഉണ്ടായിട്ടുണ്ട് ; വിശദമാക്കാമോ ?

ഉത്തരം

(എ) കഴിഞ്ഞ പത്ത് വർഷത്തെ വാണിജ്യ നികുതി പിരിവിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

വർഷം	നികുതി പിരിവ് (കോടിയിൽ)
2005-06	6983.25
2006-07	8686.82
2007-08	9685.34
2008-09	11571.42
2009-10	13200.19
2010-11	16155.93
2011-12	19310.54
2012-13	22885.83
2013-14	25376.25
2014-15	27870.89

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഓരോ സാമ്പത്തിക വർഷവും ബഡ്ജറ്റിൽ പ്രതീക്ഷിച്ച വാണിജ്യ നികുതി ഇനത്തിലും ഓരോ വർഷവും ലഭിച്ചിരുന്ന നികുതിയും ചുവടെ ചേർക്കുന്നു :

വർഷം	ബഡ്ജറ്റിൽ പ്രതീക്ഷിച്ച ഇനം (കോടിയിൽ)	നികുതി പിരിവ് (കോടിയിൽ)
2005-06	8210.91	6983.25
2006-07	7936.62	8686.82
2007-08	10042.07	9685.34
2008-09	10623.78	11571.42
2009-10	12742.46	13200.19
2010-11	15137.69	16155.93
2011-12	19442.39	19310.54
2012-13	23466.50	22885.83
2013-14	28480.61	25376.25
2014-15	31939.82	27870.89

(സി) ബഡ്ജറ്റ് ലക്ഷ്യത്തിന്റെ ഓരോ വർഷത്തെയും നേട്ടം ചുവടെ ചേർക്കുന്നു :

1	2
വർഷം	നേട്ടത്തിന്റെ ശതമാനം
2005-06	85
2006-07	109
2007-08	96
2008-09	109
2009-10	104

LIBRARY ARCHIVES Kerala Legislative Assembly

1	2
2010-11	107
2011-12	99
2012-13	98
2013-14	89
2014-15	87

വാണിജ്യ നികുതി ചെക്ക്പോസ്റ്റ്

187 (532) ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാലക്കാട് ജില്ലയിലെ വിവിധ വാണിജ്യ നികുതി ചെക്ക്പോസ്റ്റുകളിൽ വൻതോതിൽ അഴിമതി നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) അഴിമതിയുമായി ബന്ധപ്പെട്ട് എത്ര കേസ്സുകൾ വിജിലൻസ് കണ്ടെത്തിയിട്ടുണ്ട് ; വിശദാംശം നൽകുമോ ;

(സി) അഴിമതി കേസ്സിൽപ്പെട്ട എത്ര ഉദ്യോഗസ്ഥൻമാർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ട് ; വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

(എ) വിജിലൻസും ജില്ലാ കളക്ടറും നടത്തിയ പരിശോധനയിൽ ചില ക്രമക്കേടുകൾ കണ്ടെത്തിയിട്ടുണ്ട്.

(ബി) അഴിമതിയുമായി ബന്ധപ്പെട്ട് വിജിലൻസ് 6 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. കണക്കിൽപ്പെടാത്ത തുക കണ്ടെത്തൽ, വരവിൽ കവിഞ്ഞ സ്വത്ത് സമ്പാദിക്കൽ, കൈക്കൂലിവാങ്ങൽ തുടങ്ങിയ ക്രമക്കേടുകളാണ് വിജിലൻസ് കണ്ടെത്തിയിട്ടുള്ളത്.

(സി) മേൽ പറഞ്ഞ 6 കേസ്സുകളിലായി 14 ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ട്. (വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു.)*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly